**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – 2009–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം നടപ്പാക്കുന്ന കെട്ടിടം, പാലം എന്നീ മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദിക്കുന്നതിനും 10 ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള റോഡ് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

സ.ഉ.(എം.എസ്)നമ്പർ.111/2009/തസ്വഭവ തിരുവനന്തപുരം, തീയതി:18.06.2009

പരാമർശം: 1. 05.05.2009–ലെ സ.ഉ.(എം.എസ്) 75/2009/തസ്വഭവ നമ്പർ ഉത്തരവ്.

2.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 25.05.2009–ലെ യോഗ തീരുമാനം (ഇനം.1.10)

**ഉത്തരവ്**

പൊതുമരാത്ത് വകുപ്പ് പുതുക്കി നിശ്ചയിച്ച 2009–ലെ ഷെഡ്യൂൾ നിരക്കുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾക്കും 01.04.2009 മുതൽ ബാധകമാക്കിക്കൊണ്ട് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഷെഡ്യൂൾ നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിലും തൊഴിലാളികളുടെ കൂലി ഉൾപ്പെടെ ചില ഇനങ്ങളുടെ നിരക്ക് പരിഷ്കരിക്കാത്തതിനാൽ ഷെഡ്യൂൾ നിരക്കും യഥാർത്ഥ നിരക്കും തമ്മിൽ വളരെ അന്തരം നിലനിൽക്കുന്നുണ്ട്. അതുകാരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ ബുദ്ധിമുട്ട് നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2 സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ 2009–ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ സുഗമമായ നിർവഹണത്തിന് ചുവടെ വിവരിക്കുന്ന മാർഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2.1 കെട്ടിടം, പാലം എന്നീ നിർമ്മാണപ്രവൃത്തികൾക്ക് മാത്രം പരമാവധി 10 ശതമാനംവരെ ടെണ്ടർ എക്സസ് അനുവദിക്കാവുന്നതാണ്. എന്നാൽ കരാറുകാർ രേഖപ്പെടുത്തിയിട്ടുള്ള അധിക തുക 10 ശതമാനത്തിൽ കുറവാണെങ്കിൽ രേഖപ്പെടുത്തിയിട്ടുള്ള അധിക തുക മാത്രമേ പരമാവധി അധികം അനുവദിക്കാൻ പാടുള്ളൂ.

2.2 റോഡ് പ്രവൃത്തികൾക്ക് ആവശ്യമായ ടാറിന്, ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള വിലയും പ്രവൃത്തി നടപ്പാക്കുവാൻ കരാറിൽ ഏർപ്പെടുന്ന ദിവസത്തെ വിപണിവിലയും തമ്മിലുള്ള വ്യത്യാസം പരമാവധി അധികം അനുവദിക്കാവുന്നതാണ്. ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള അധിക തുക, ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള വിലയും വിപണിവിലയും തമ്മിലുള്ള വ്യത്യാസത്തെക്കാൾ കുറവാണെങ്കിൽ ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള അധിക തുക മാത്രമേ പരമാവധി അധികം അനുവദിക്കാൻ പാടുള്ളൂ. ടാറിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അതത് ദിവസം നിശ്ചയിക്കുന്ന വിലയാണ് വിപണി വിലയായി തദ്ദേശഭരണ സ്ഥാപനങ്ങൾ കണക്കിലെടുക്കേണ്ടത്. ടാറിന് വിപണിവില അനുവദിക്കുകയാണെങ്കിൽ ഒറിജിനൽ ബില്ല് ബന്ധപ്പെട്ട പ്രോജക്ട് രേഖയോടൊപ്പം തദ്ദേശഭരണ സ്ഥാപനത്തിൽ സൂക്ഷിക്കണം.

2.3 പത്ത് (10) ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള റോഡ് പ്രവൃത്തികൾക്ക് പൊതുമേഖല എണ്ണകമ്പനികളിൽ നിന്നും ടാർ വാങ്ങി നൽകാവുന്നതാണ്. കൊച്ചി, മംഗലാപുരം എന്നിവിടങ്ങളിലെ പൊതുമേഖലാ എണ്ണകമ്പനികളിൽ ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്നത് ഏതാണോ അവിടെ നിന്നായിരിക്കണം തദ്ദേശഭരണ സ്ഥാപനം ടാർ നേരിട്ട് വാങ്ങേണ്ടത്. ഓരോ പ്രവൃത്തിക്കും വാങ്ങി നൽകുന്ന ടാറിന്റെ അളവിനെ സംബന്ധിച്ച വിവരങ്ങൾ ആ പ്രവൃത്തി നടപ്പാക്കുന്ന പ്രദേശത്ത് തദ്ദേശഭരണ സ്ഥാപനം വ്യാപകമായി പരസ്യം ചെയ്യണം. ടാർ വാങ്ങി നൽകുന്ന സംഗതികളിൽ ഒറിജിനൽ ബില്ല് പ്രോജകട് രേഖയോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

2.4 ഈ ഉത്തരവിന്റെ തീയതിക്കുശേഷം ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾക്ക് മാത്രമേ ഈ മാർഗനിർദ്ദേശങ്ങൾ ബാധകമാകുകയുള്ളൂ. ഈ മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി കെട്ടിടം, പാലം എന്നീ മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദിക്കുകയോ ടാറിന് വിപണി വില അനുവദിക്കുകയോ 10 ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള റോഡ് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകുകയോ ചെയ്യുകയാണെങ്കിൽ അക്കാര്യം ടെണ്ടർ പരസ്യത്തിൽ തന്നെ വ്യക്തമാക്കുകയും കരാറിൽ വ്യവസ്ഥ ചെയ്യുകയും വേണം. അപ്രകാരമല്ലാതെയുള്ള പ്രവൃത്തികൾക്ക് ഈ മാർഗനിർദ്ദേശങ്ങൾ ബാധകമായിരിക്കുകയില്ല.

2.5 2009–ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന കെട്ടിടം, പാലം എന്നീ പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദനീയമായതിനാൽ സിമെന്റ്, കമ്പി എന്നിവയ്ക്ക് വിപണിവില അനുവദിക്കാൻ പാടില്ല.

2.6 ഗുണഭോക്തൃ സമിതികൾ, അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്കും ഈ മാർഗനിർദ്ദേശങ്ങൾ ബാധക മായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
11 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
16 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി (ജില്ലാകളക്ടർമാർ) മാർക്കും
18 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
19 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

20 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
21 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
22 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
23 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
24 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
25 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
27 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
28 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
29 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
30 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
31 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ